പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2821 **28-10-2026-ൽ മറുപടിയ്ക്ക്**

മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. റെജി ചെറിയാൻ
ശ്രീ. വർഗീസ് മാമ്മൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിലവിലുള്ള മത്സ്യകൃഷി പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: നിലവിലെ മത്സ്യകൃഷി പദ്ധതിയുടെ വിലയിരുത്തൽ, പദ്ധതി നിർവ്വഹണ കാലയളവിൽ പ്രതിമാസമായി യഥാവിധി വിലയിരുത്തൽ നടത്തി വരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ പ്രാദേശിക രുചി താല്പര്യങ്ങൾ കണക്കിലെടുക്കാതെ രൂപം നൽകിയിട്ടുള്ളവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

മറുപടി: മത്സ്യകൃഷിക്കായി അനുമതിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഇനങ്ങളാണ് നിലവിൽ കൃഷി ചെയ്യ വരുന്നത്. ഇത് പ്രാദേശിക രുചി താല്പര്യങ്ങൾക്ക് അനുസൃതമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പരിമിതി മറികടക്കാൻ ലക്ഷ്യമിട്ട് മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കാമോ;

മറുപടി: സംസ്ഥാനത്തെ പ്രത്യേക ഭൗതിക സാഹചര്യം കണക്കിലെടുത്ത് പ്രാദേശിക ജലകൃഷി മേഖലയിലെ ആവശ്യകത കണക്കിലെടുത്ത് പുതിയ കൃഷി രീതിയും, മത്സ്യ ഇനങ്ങളും ഉൾപ്പെടുത്തുന്നതിന് മുഖ്യമന്ത്രി മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ വിഭാവനം ചെയ്യുവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ഉദ്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ വിപണനത്തിനായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: മത്സ്യ വിപണനത്തിന് പ്രാദേശികാടിസ്ഥാനത്തിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെയും, സംസ്ഥാനാവിഷ്കൃത പദ്ധതിയിലൂടെയും നടപ്പിലാക്കുന്ന മത്സ്യ വിപണനത്തിനായി വിപുലമായ ക്രമീകരണങ്ങൾ നടത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ